LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വികസന പാക്കേജുകൾ

90 [408] *ശ്രീ. പി. എസ്. സുപാൽ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കാർഷിക വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തെ കൃഷി വികസനത്തിന് എന്തെങ്കിലും പാക്കേജുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തെ കാർഷിക വികസനത്തിന് എത്ര തുക വീതം ലഭ്യമായി എന്നും ഓരോ വർഷവും സംസ്ഥാന സർക്കാർ എത്ര തുക വീതം ചെലവാക്കി എന്നും വ്യക്തമാക്കുമോ;

(ഡി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കടംമൂലം എത്ര കർഷകർ ആത്മഹത്യചെയ്തു;

(ഇ) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) സംസ്ഥാന സർക്കാർ ഈ കുടുംബങ്ങൾക്ക് എന്തു സഹായങ്ങളാണ് നൽകിയത് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കാറ്റുവീഴ്ചമൂലം കായ്ഫലമില്ലാതായ തെങ്ങുകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള 1924 കോടി രൂപയുടെ നാളികേര വികസന പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചു. നാളികേര വികസനത്തിനു ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി 37.697 കോടി രൂപയുടെ ഒരു പദ്ധതിക്കു കേന്ദ്ര സർക്കാർ അനുമതി നൽകി. ഇതുപ്രകാരം തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ കാറ്റു വീഴ്ചരോഗം തടയുന്നതിനായി രോഗം ബാധിച്ച തെങ്ങുകളെ മുറിച്ചുമാറ്റി അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

2004-ലെ വരൾച്ചയെ തുടർന്ന് നാശനഷ്ടം സംഭവിച്ച കുരുമുളകു കൃഷിയുടെയും കശുമാവു കൃഷിയുടെയും പുനരുദ്ധാരണത്തിനായി 30 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി.

(സി) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	*ലഭിച്ചത്* *(ലക്ഷത്തിൽ)*	*ചെലവാക്കിയത്* *(ലക്ഷത്തിൽ)*
2002-2003	3458.87	2981.773
2003-2004	3512.587	3015.096
2004-2005	5405.905	5343.244

(ഡി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് വരെ 218 കർഷകർ കടക്കെണിമൂലം ആത്മഹത്യചെയ്തു;

(ഇ) ഇല്ല

(എഫ്) ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ആദിവാസി മേഖലയ്ക്കായുള്ള കൃഷിവകുപ്പിന്റെ പദ്ധതികൾ

91 [421] *ശ്രീ സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്, ഇടുക്കി, ജില്ലകളിലെ ആദിവാസി മേഖലയ്ക്ക് ഗുണം ലഭിക്കുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ കൃഷിവകുപ്പ് നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രത്യേക പദ്ധതിയൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഒരു വിഹിതം വയനാട്, ഇടുക്കി ജില്ലകളിലെ ആദിവാസി മേഖലകൾക്കും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly